**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 360 — 26.06.2012-ലെ മറുപടിയ്ക്ക്

**നിക്ഷേപ സമാഹരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>,, സണ്ണി ജോസഫ്<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) നിക്ഷേപരംഗം ശക്തിപ്പെടുത്തുവാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിക്ഷേപം ശക്തിപ്പെടുത്താൻ ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ച് വരുന്നു. 2011 നവംബർ മാസത്തിൽ നിക്ഷേപ സമാഹരണ യജ്ഞം നടപ്പിലാക്കിയിരുന്നു. കഴിഞ്ഞ ഓണം സീസണിൽ സഹകരണ സമൃദ്ധി നിക്ഷേപ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. മാർക്കറ്റിലെ വ്യതിയാനം കണക്കിലെടുത്ത് നിക്ഷേപങ്ങൾക്ക് കാലാകാലങ്ങളിൽ പലിശ നിരക്ക് പരിഷ്കരിക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനായി പ്രത്യേക സബ് കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ പലിശ നിരക്ക് പരിഷ്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിക്ഷേപങ്ങൾ നിലവിൽ വാണിജ്യ/ദേശസാൽകൃത ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ സഹകരണ മേഖലയിൽ ആകർഷകമായ പലിശ നിരക്കാണ് നൽകി വരുന്നത്. കൂടാതെ മുതിർന്ന പൗരന്മാർക്ക് അധിക പലിശ നിരക്ക് അനുവദിച്ചിട്ടുണ്ട്. നിക്ഷേപ സമാഹരണ യജ്ഞത്തിൽ കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട സഹകരണ |

സ്ഥാപനങ്ങൾക്ക് ട്രോഫികൾ വിതരണം ചെയ്ത് വരുന്നു. പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നിക്ഷേപ സുരക്ഷാ സ്കീം ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | നിക്ഷേപസമാഹരണത്തിലൂടെ എത്ര തുക സമാഹരിക്കുക യുണ്ടായി വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 2011 നവംബർ മാസത്തിൽ സംഘടിപ്പിച്ച നിക്ഷേപ സമാഹരണ യജ്ഞത്തിൽ 4425.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം പുതിയ നിക്ഷേപ പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്; | (സി) | കഴിഞ്ഞ ഓണം സീസണിൽ 300, 400, 600, 1000 ദിവസകാലയളവിലേയ്ക്കായി "സഹകരണ സമൃദ്ധി നിക്ഷേപം" എന്ന പേരിൽ ആകർഷകമായ പുതിയ നിക്ഷേപ പദ്ധതി നടപ്പിലാക്കിയിരുന്നു. 2011 നവംബർ മാസത്തിൽ സംഘടിപ്പിച്ച നിക്ഷേപ സമാഹരണ യജ്ഞ കാലയളവിൽ "സ്വദേശി നിക്ഷേപം" എന്ന പേരിൽ 101, 201, 301 ദിവസകാലയളവിൽ ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രത്യേക സന്ദർഭങ്ങളിൽ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും ആവശ്യകതയും കണക്കിലെടുത്ത് സംഘങ്ങളുടെ/ബാങ്കുകളുടെ തനതായ നിക്ഷേപ പദ്ധതികൾ ആരംഭിക്കാനും അനുമതി നൽകി വരുന്നുണ്ട്. |
| (ഡി) | ഓരോ നിക്ഷേപ പദ്ധതികളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്, വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഓണം സീസണിൽ സഹകരണ മേഖലയിലെ നിക്ഷേപകർക്ക് ആകർഷകമായ പലിശ നിരക്ക് നൽകുക എന്നതും അധിക വിഭവ സമാഹരണം നടത്തുക എന്നതുമാണ് സഹകരണ സമൃദ്ധി നിക്ഷേപ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. നിക്ഷേപ സമാഹരണ യജ്ഞ കാലയളവായ 2011 നവംബർ മാസത്തിൽ അധിക വിഭവ സമാഹരണം നേടുക എന്നതാണ് "സ്വദേശി നിക്ഷേപം" എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പ പ്രവർത്തനത്തിന് അധിക വിഭവ സമാഹരണം ആവശ്യമായി |

വരുമ്പോഴാണ് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് പ്രത്യേക തനതായ നിക്ഷേപ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നത്. പൊതുവായി സഹകരണ സംഘങ്ങൾക്ക് വായ്പ പ്രവർത്തനത്തിനാവശ്യമായ വിഭവം സ്വരൂപിക്കുക എന്നതാണ് ടി നിക്ഷേപ പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യം.

സെക്ഷൻ ഓഫീസർ